**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2385** **18.07.2011 ലെ മറുപടിക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ പലിശ ഏകീകരണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ. എ.എ. അസീസ്**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)** |
| എ) സഹകരണ ബാങ്കുകളിൽ വായ്പകൾക്കും നിക്ഷേപങ്ങൾക്കും വിവിധ ബാങ്കുകൾ പല നിരക്കിലാണ് പലിശ ഈടാക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പലിശ ഈടാക്കുകയും നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | ബി) | സംസ്ഥാനത്തെ എല്ലാ വായ്പാ സംഘങ്ങളിലും/ ബാങ്കുകളിലും വായ്പകൾക്കും, നിക്ഷേപങ്ങൾക്കും ഈടാക്കാവുന്നതും നൽകാവുന്നതുമായ പലിശ നിരക്കുകൾ സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ നിർണ്ണയിച്ച് ഉത്തരവു പുറപ്പെടുവിയ്ക്കാറുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ 51/2010-ാം നമ്പർ സർക്കുലർ പ്രകാരം അധികം ഈടാക്കിയ പലിശ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്നതിൽ കൂടുതൽ പലിശ നിക്ഷേപങ്ങൾക്ക് നൽകിയിട്ടില്ലെന്നും വായ്പകൾക്ക് ഈടാക്കുന്നില്ലെന്നും സംഘങ്ങളിലെ പരിശോധന വേളയിൽ, വകുപ്പ് ഉദ്യോഗസ്ഥർ ഇക്കാര്യം ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) സഹകരണ സ്ഥാപനങ്ങളിലെ പലിശ നിരക്ക് ഏകീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) | സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും, വിവിധ വാണിജ്യ പൊതുമേഖലാ ബാങ്കുകളും, മറ്റ് ധനകാര്യ സ്ഥാപനങ്ങളും ട്രഷറിയും, നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയും വായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്കും സംബന്ധിച്ച് അവലോകനം നടത്തി, സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ തീരുമാനത്തിനനുസൃതമായി ഇത് സംബന്ധിച്ച് സർക്കുലർ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിയ്ക്കാറുണ്ട്. സർക്കുലർ നിർദ്ദേശം സംഘങ്ങൾ/ബാങ്കുകൾ പാലിക്കുന്നു എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajendran

**സെക്ഷൻ ഓഫീസർ**